LIBRARY ARCHIVES Kerala Legislative Assembly

(സി) സഹകരിക്കുന്നുണ്ട്. വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി കോർപ്പറേഷനുകൾ സമർപ്പിക്കുന്ന ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾക്ക് സാങ്കേതികാനുമതിയും സർക്കാർ സബ്സിഡി വിഹിതവും ശുചിത്വമിഷൻ നൽകിവരുന്നുണ്ട്.

(ഡി) പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യ പരിപാലന മേഖലയിൽ ഏറ്റെടുക്കുന്ന പൊതു/വികേന്ദ്രീകൃത/ഉറവിട മാലിന്യപരിപാലന പ്രോജക്ടുകൾക്ക് സാങ്കേതിക ഉപദേശം, പ്രോജക്ടുകളുടെ സാങ്കേതിക പരിശോധനയും അംഗീകാരവും എന്നിവ ശുചിത്വ മിഷൻ നൽകി വരുന്നുണ്ട്. പ്രോജക്ടുകൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള സാമ്പത്തിക സഹായവും നൽകിവരുന്നുണ്ട്. ഇപ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന വികേന്ദ്രീകൃത മാലിന്യ സംസ്കരണ പദ്ധതികളുടേയും ഉറവിട മാലിന്യ സംസ്കരണ പദ്ധതികളുടേയും ഫലമായി സംസ്ഥാനം നേരിട്ടുകൊണ്ടിരിക്കുന്ന മാലിന്യ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്.

### ബാല പീഡനം ഒഴിവാക്കാൻ ജാഗ്രതാ സമിതികൾ

**23 (*143)** ശ്രീ. പി. എ. മാധവൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) ബാല പീഡനം ഒഴിവാക്കുന്നതിന് പ്രസ്തുത സമിതികളെ എങ്ങനെ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ ;

(സി) ഇതുസംബന്ധിച്ച പഠന റിപ്പോർട്ടിന് അംഗീകാരം നൽകിയിട്ടുണ്ടോ യെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പഠന റിപ്പോർട്ടിലെ ശുപാർശകൾ നടപ്പാക്കുന്നതിന് നിയമങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ):

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

1. സ്ത്രീകളും പെൺകുട്ടികളും കക്ഷിയായിട്ടുള്ള ഏത് പരാതിയും സ്വീകരിക്കുക, എത്രയും പെട്ടെന്ന് ആവശ്യമായ ഇടപെടലുകളും പരിഹാരവും സഹായ സംവിധാനവും ഉണ്ടാക്കുക.

2. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുണ്ടാകുന്ന ഏത് അതിക്രമത്തിനും വിവേചനത്തിനും നിയമലംഘനത്തിനും ചൂഷണത്തിനും അനീതിക്കുമെതിരെ സ്വയം ഇടപെടുക, പരിഹരിക്കാൻ സംവിധാനം ഉണ്ടാക്കുക. സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെ അതിക്രമങ്ങൾ ഉണ്ടാകാത്ത അവസ്ഥ സംജാതമാക്കാൻ പ്രയത്നിക്കുക.

3. സ്ത്രീകളുടെയും പെൺകുട്ടികളുടെയും പ്രശ്നങ്ങൾ പരിഹരിക്കുവാനായി ത്രിതല പഞ്ചായത്ത് സംവിധാനങ്ങളെ സഹായിക്കുക. ആവശ്യമായ നിയമസഹായവും ഉപദേശവും പ്രചരണവും നൽകുക.

4. ബാലനീതി നിയമപ്രകാരം പ്രത്യേക പരിരക്ഷ ആവശ്യമുള്ള കുട്ടികളുടെ പ്രശ്നങ്ങൾ Child Welfare Committee യുടെ ശ്രദ്ധയിൽ കൊണ്ടുവരിക.

(ബി) പഞ്ചായത്തുതല ജാഗ്രതാ സമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ജനകീയവും ആക്കിത്തീർക്കുവാൻ ഓരോ വാർഡിലും വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വാർഡ് തല ജാഗ്രതാ സമിതികളും, പഞ്ചായത്തുതല സമിതികളും നിയമസഹായ സമിതികളും പ്രവർത്തിക്കുന്നുണ്ട്. കുട്ടികൾ നേരിടുന്ന പീഡനങ്ങൾ ഏതൊക്കെ തരത്തിലാണെന്ന് പ്രാദേശിക തലത്തിലെ ഏറ്റവും താഴെത്തട്ടിലെ ഭരണ നിർവ്വഹണം ഏറ്റെടുത്തിരിക്കുന്ന വാർഡ് മെമ്പർമാർക്ക് കണ്ടെത്തുവാൻ സാധിക്കുന്നതാണ്. പഞ്ചായത്തുകളിലെ കുട്ടികളെ സംബന്ധിച്ച വിവരം വാർഡ് തലത്തിൽ സർവ്വേ നടത്തി കണ്ടെത്തുന്നതിനും, കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് കുട്ടികൾക്കും രക്ഷിതാക്കൾക്കും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും, പെൺകുട്ടികൾക്കെതിരെയുള്ള പ്രശ്നങ്ങളിൽ ജാഗ്രതാസമിതിയിൽ എത്തിച്ച് പ്രശ്നപരിഹാരം ഉണ്ടാക്കുന്നതിനും ഉദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ശൈശവ വിവാഹം, ബാലവ്യാപാരം, ബാലപീഡനം എന്നിവ തടയുന്നതിനും ഉദ്ദേശിച്ചിട്ടുണ്ട്. കുട്ടികൾക്ക് നേരെയുണ്ടാകുന്ന ഏതൊരു നീതിനിഷേധത്തിനെതിരെയും പരാതി സ്വീകരിക്കുവാനും

അന്വേഷണം നടത്താനും നടപടിയെടുക്കാനും അതത് ജാഗ്രതാ സമിതികൾക്ക് കഴിയും. പരാതികൾക്ക് നടപടിയെടുക്കുക എന്നതിനേക്കാൾ പരാതിരഹിതമായ ഒരന്തരീക്ഷം സൃഷ്ടിക്കുക എന്നതാണ് ജാഗ്രതാ സമിതികളുടെ ലക്ഷ്യം.

(സി) കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുള്ള മാസ്റ്റർ ഷെഫീഖ് കമ്മിറ്റി റിപ്പോർട്ടിന് അംഗീകാരം നൽകിയിട്ടുണ്ട്. കുട്ടികൾക്കെതിരായ അതിക്രമങ്ങൾ, പ്രത്യേകിച്ചും രണ്ടാനച്ഛൻമാരിൽ നിന്നും രണ്ടാനമ്മമാരിൽ നിന്നും തടയുന്നതിന് സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് മാസ്റ്റർ ഷെഫീഖ് കമ്മിറ്റി റിപ്പോർട്ട് ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്.

(ഡി) 1994-ലെ 2,35,163,164,245 എന്നീ വകുപ്പുകളും പ്രധാന ആക്ടിന്റെ മൂന്നാം പട്ടികയും ഉചിതമായി ഭേദഗതി ചെയ്യാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. പ്രസ്തുത വിഷയം സംബന്ധിച്ച് കേരള പഞ്ചായത്ത് രാജ് ആക്ട് ഭേദഗതിക്ക് ക്യാബിനറ്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് 2,35,163,164,245 എന്നീ വകുപ്പുകളുടെ ഭേദഗതി ബിൽ ഉൾപ്പെടുത്തി 2015- ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (ഭേദഗതി ബിൽ) (ബിൽ നമ്പർ 337) പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ബില്ലിന് ഇനി നിയമസഭയുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്.

## കേരസമൃദ്ധി പദ്ധതി

**24 (*144)** ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരസമൃദ്ധി എന്ന പദ്ധതിയുടെ പ്രഖ്യാപനം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ;

(സി) നാളികേര വികസനത്തിനും കേര സുഭിക്ഷതയ്ക്കും എന്തെല്ലാം നിർദ്ദേശങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly